TUESDAY 16.04.2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/04/2024

1. ആകാശവാണി, കാർഷിക വാർത്തകൾക്ക് 50 വർഷം തികഞ്ഞു. രാജ്യത്താദ്യമായി കാർഷിക വാർത്തകൾക്കുമാത്രമായി ഒരു ബുള്ളറ്റിൻ തുടങ്ങുകയായിരുന്നു തിരുവനന്തപുരം ആകാശവാണി. 1974 ഏപ്രിൽ 14 വിഷുദിനം അതിനായി തിരഞ്ഞെടുത്തു. കർഷകർക്കുള്ള വിഷുക്കൈനീട്ടമായാണ് അതന്നു വിശേഷിപ്പിക്കപ്പെട്ടത്. വിഷയത്തിന്റെ പ്രാധാന്യമുൾക്കൊണ്ട് ആദ്യ വാർത്ത വായിച്ചത് സി. അച്യുതമേനോൻ മന്ത്രിസഭയിലെ കൃഷിമന്ത്രി വക്കം പുരുഷോത്തമൻ. ആദ്യ കാർഷികവാർത്തയ്ക്ക് വിഷുദിനമായ ഞായറാഴ്ച 50 തികഞ്ഞു. രാവിലെ ഏഴുമണിക്കുള്ള അഞ്ചുമിനിറ്റു വാർത്ത ഇപ്പോഴും തുടരുന്നു. കൃഷിവകുപ്പിൻ്റെ വിജ്ഞാന വ്യാപന സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മേധാവിയും പ്രമുഖ കൃഷിശാസ്ത്രജ്ഞനുമായിരുന്ന ആർ. ഹേലിയുടെ ആശയമായിരുന്നു കാർഷികവാർത്തകൾ. 1966-ൽ ത്തന്നെ ആകാശവാണിയിൽ വൈകീട്ട് 6.50 മുതൽ അരമണിക്കൂർ വയലും വീടും പരിപാടി തുടങ്ങിയിരുന്നു. ഇപ്പോൾ രാവിലെ ഏഴുമുതൽ എട്ടുവരെയുള്ള പുലർവെട്ടം പരിപാടിയുടെ ആദ്യഭാഗമായാണ് കാർഷിക വാർത്തകൾ നൽകുന്നത്.

2. അഗ്രികൾച്ചറൽ മാനേജ്മെൻ്റ് ഏജൻസി (ആത്മ) വഴി നടപ്പിലാക്കിവരുന്ന ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ സർവീസ് ഫോർ ഇൻപുട്ട് ഡീലർ കോഴ്സിലേക്ക് വളം/കീടനാശിനി ഡിപ്പോ നടത്തുന്നവർക്കും തുടങ്ങാൻ താല്പര്യമുള്ളവർക്കും അപേക്ഷിക്കാം. യോഗ്യത എസ്.എസ്.എൽ.സി അതത് കൃഷിഓഫീസറുടെ ശുപാർശ സഹിതം ഏപ്രിൽ 23 നകം ആത്മ പ്രോജക്ട് ഡയറക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കൊല്ലം -691013 വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാമാതൃക കൃഷിഭവനുകളിൽ ലഭിക്കും. വിവരങ്ങൾക്ക് atmakollam@gmail.com. ഫോൺ - 7907368657/0474 2792080.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ് കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എൻറർപ്രണർഷിപ്പ് ഡെവലപ്മെന്റ് സംരംഭകർക്കായി 'മാർക്കറ്റ് മിസ്റ്ററി' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 18 മുതൽ 20 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിൽ വച്ചാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പങ്കെടുക്കാം. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പെടെ 2950 രൂപയും താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപയുമാണ് ഫീസ്. പട്ടികജാതി- പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1800 രൂപ താമസം ഉൾപ്പെടെയും 800 രൂപ താമസം കൂടാതെയുമാണ് ഫീസ്. താല്പര്യമുള്ളവർ ഓൺലൈനായി ഏപ്രിൽ 16 നകം http://kied.info/trainingþcalender അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2532890, 2550322, 9188922800.

4. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഫിഷറീസ് ഇൻഫർമേഷൻ പോർട്ടലായ ഫിംസിൽ (ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റം) ഏപ്രിൽ 25 നകം രജിസ്റ്റർ ചെയ്യണമെന്ന് കോഴിക്കോട് റീജിയണൽ എക്സിക്യുട്ടീവ് അറിയിച്ചു. മത്സ്യത്തൊഴിലാളി പാസ്സ് ബുക്ക്, ബാങ്ക് പാസ്സ് ബുക്ക്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവ സഹിതം പൊന്നാനി താനൂർ, തിരൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ ക്ഷേമനിധി ബോർഡ് ഫിഷറീസ് ഓഫീസിൽ എത്തിയാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. കഴിഞ്ഞ വർഷം ഫിഷറീസ് വകുപ്പിന്റെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ചേർന്നവർ രജിസ്റ്റർ ചെയ്യേണ്ടതില്ല. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി, ഫിഷറീസ് വകുപ്പിന്റെയും ക്ഷേമനിധി ബോർഡിന്റെയും ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ, അപകട ഇൻഷുറൻസ് ആനുകൂല്യങ്ങൾ എന്നിവ ഫിംസിൽ രജിസ്റ്റർ ചെയ്തവർക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാത്രമേ ലഭിക്കുകയുള്ളൂ എന്നും കോഴിക്കോട് റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04952383472.

**പരിശീലന പരിപാടി**

5. MSSRF കമ്മ്യൂണിറ്റി അഗ്രോബയോഡൈവേഴ്സിറ്റി സെൻറർ, കൽപ്പറ്റ, വയനാട്, മുള ഉപയോഗിച്ചുള്ള കരകൗശലവിദ്യയെക്കുറിച്ചുള്ള സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും വേണ്ടി ഏപ്രിൽ 18 മുതൽ 20 വരെ 3 ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് https://forms.gle/MW9exdE1TBUTg6sY8 എന്ന ലിങ്ക് ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാം. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്ട്രർ ചെയ്യുന്ന 30 പേർക്ക് പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് 98455 80223 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. റബ്ബർ ബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റെയിൻഗാർഡിങ്ങിൽ 2024 ഏപ്രിൽ 18 -ന് പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് നടക്കുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. കാച്ചിൽ കൃഷി-മഴ കിട്ടിയാലുടൻ ഒന്നരയടി നീളവും വീതിയും ആഴവുമുള്ള കുഴികളെടുത്ത്, 11.25 കിലോഗ്രാം ജൈവവളം ചേർത്ത് മേൽമണ്ണുകൊണ്ട് മുക്കാൽഭാഗം മൂടുക. ചാണകപ്പാലിൽ മുക്കിയെടുത്ത കഷ്ണങ്ങൾ നട്ടശേഷം മണ്ണ് വെട്ടിക്കൂട്ടി ചെറിയ കൂനകളാക്കി പുതയിടണം. നല്ലയിനം കാച്ചിൽ വിത്തുകൾ കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിലുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0472 2596551.